**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2319** **03-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി വാർഡുകൾ വിഭജിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (ഗ്രാമ പഞ്ചായത്ത് - മുനിസിപ്പാലിറ്റി -മുനിസിപ്പൽ കോർപറേഷൻ എന്നിവയുടെ) വാർഡ്/നിയോജക മണ്ഡല വിഭജന കരട് നിർദ്ദേശങ്ങൾ 18.11.2024 ന് ഡീലിമിറ്റേഷൻ കമ്മിഷൻ പ്രസിദ്ധീകരിച്ചിരുന്നു. ആയതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങളും പരാതികളും സമർപ്പിക്കുന്നതിന് 2024 ഡിസംബർ 4 വരെ സമയം അനുവദിച്ചിരുന്നു. ലഭ്യമായ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഡീലിമിറ്റേഷൻ കമ്മീഷൻ പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിച്ചു വരുന്നു. ജില്ലാ കളക്ടർ മുഖേന ഇത് സംബന്ധിച്ച അന്വേഷണം നടത്തി വ്യക്തമായ ശുപാർശകളോടു കൂടി റിപ്പോർട്ട് കമ്മിഷന് ലഭ്യമാക്കിയിട്ടുണ്ട്. പരാതിക്കാരെ നേരിൽ കേൾക്കുന്നതിനായി കമ്മീഷൻ 2025 ജനുവരി 16 മുതൽ ഫെബ്രുവരി 22 വരെയായി ജില്ലാ തല പബ്ലിക് ഹിയറിംഗുകൾ നടത്തിയിരുന്നു. അതിന് ശേഷം പരാതികൾ വിശദമായി പരിശോധിച്ച് മെറിറ്റ് അനുസരിച്ച് തീർപ്പാക്കി കമ്മീഷൻ ആദ്യഘട്ട വാർഡ് പുനർവിഭജനത്തിന്റെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കും. തുടർന്ന് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഡ് വിഭജനത്തിലേക്ക് കടക്കുകയും 2025 ജൂണോടെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളുടെയും വാർഡ് വിഭജന നടപടികൾ പൂർത്തിയാക്കാൻ സാധിക്കും.** |
| (ബി) | നഗരസഭകളിലെ വാർഡ് വിഭജനം കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ സ്റ്റേ ചെയ്യുന്നതിന് അടിസ്ഥാനമായി കോടതി വ്യക്തമാക്കിയിട്ടുള്ള കാരണം എന്താണെന്ന് അറിയിക്കുമോ; | (ബി) | **ഒരു ഗ്രാമപഞ്ചായത്തിന്റെയും (പടന്ന) എട്ട് മുനിസിപ്പാലിറ്റികളുടെയും നിയോജകമണ്ഡല/വാർഡ് വിഭജന നടപടികൾ ഹൈക്കോടതി റദ്ദാക്കിയിരുന്നു. തദ്ദേശസ്ഥാപനങ്ങളിലെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ അംഗസംഖ്യയിൽ മാറ്റം വരുത്തുന്നതിനായി കേരളനിയമസഭ പാസാക്കിയ** |

| | | | |
|---|---|---|---|
| | | | **കേരള പഞ്ചായത്ത് രാജ് ആക്ട് കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ സെക്ഷൻ 6(3) ലെ ഭേദഗതി, 2011 സെൻസസ് അടിസ്ഥാനമാക്കി 2015 - ൽ വാർഡ് വിഭജനം നടത്തിയ തദ്ദേശസ്ഥാപനങ്ങൾക്ക് ബാധകമാകില്ല എന്നതാണ് സ്റ്റേ ചെയ്യുന്നതിന് അടിസ്ഥാനമായി കോടതി വ്യക്തമാക്കിയിട്ടുള്ള കാരണം. എന്നാൽ ഈ വിധിക്കെതിരെ സർക്കാർ നൽകിയ അപ്പീൽ അനുവദിച്ച് ഹൈക്കോടതി തന്നെ 24.02.2025 ന് ടി ഉത്തരവ് അസാധുവാക്കിയിട്ടുണ്ട്. ആയതിനാൽ ഒരു തദ്ദേശസ്ഥാപനത്തിന്റെയും നിയോജകമണ്ഡല/ വാർഡ് വിഭജന നടപടികൾക്ക് നിലവിൽ കോടതി സ്റ്റേ ഇല്ല.** |
| (സി) | സ്റ്റേ നീക്കുന്നതിനും വാർഡ് വിഭജനം പൂർത്തിയാക്കാനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | **ഒരു ഗ്രാമപഞ്ചായത്തിന്റെയും (പടന്ന) എട്ട് മുനിസിപ്പാലിറ്റികളുടെയും നിയോജകമണ്ഡല/വാർഡ് വിഭജന നടപടികൾ ഹൈക്കോടതി റദ്ദാക്കിയിരുന്നു. തദ്ദേശസ്ഥാപനങ്ങളിലെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ അംഗസംഖ്യയിൽ മാറ്റം വരുത്തുന്നതിനായി കേരളനിയമസഭ പാസാക്കിയ കേരള പഞ്ചായത്ത് രാജ് ആക്ട് കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ സെക്ഷൻ 6(3) ലെ ഭേദഗതി, 2011 സെൻസസ് അടിസ്ഥാനമാക്കി 2015 - ൽ വാർഡ് വിഭജനം നടത്തിയ തദ്ദേശസ്ഥാപനങ്ങൾക്ക് ബാധകമാകില്ല എന്നതാണ് സ്റ്റേ ചെയ്യുന്നതിന് അടിസ്ഥാനമായി കോടതി വ്യക്തമാക്കിയിട്ടുള്ള കാരണം. എന്നാൽ ഈ വിധിക്കെതിരെ സർക്കാർ നൽകിയ അപ്പീൽ അനുവദിച്ച് ഹൈക്കോടതി തന്നെ 24.02.2025 ന് ടി ഉത്തരവ് അസാധുവാക്കിയിട്ടുണ്ട്. ആയതിനാൽ ഒരു തദ്ദേശസ്ഥാപനത്തിന്റെയും നിയോജകമണ്ഡല/ വാർഡ് വിഭജന നടപടികൾക്ക് നിലവിൽ കോടതി സ്റ്റേ ഇല്ല.** |

സെക്ഷൻ ഓഫീസർ